# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുലിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-12/250/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുലിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-12/250/2023 തീയ്യതി: 29/03/2023

## ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ , ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രാജി.എസ്സ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ്കുമാർ. ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. എം.ജി.ശ്രീകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ആർ.ശ്രീല | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മഞ്ജുഷ | കൃഷി ഓഫീസർ | 01-04-2021 | 27-10-2021 |
| ശ്രീ.ബിപിൻ .എം | കൃഷി ഓഫീസർ | 28-10-2021 | 31-03-2022 |
| ശ്രീമതി.പ്രീതാകുമാരി | ഐ സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ഗണേഷ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ബിനിത രാജ് | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ശ്രീലക്ഷ്മി.എസ്സ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.പ്രവീൺ പി.എൽ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.റജി കുമാരി | എച്ച്.എം,(ചാർജ്ജ്) | 01-04-2021 | 05-12-2021 |
| ശ്രീ.ജോൺ ജേക്കബ് | എച്ച്.എം | 06-12-2021 | 31-03-2022 |
| ശ്രീമതി.റജി മോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു സുനിൽ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.സൂര്യരാജ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ആര്യ സതീശൻ | വി.ഇ.ഒ സർക്കിൾ 1 | 01-04-2021 | 31-03-2022 |
| ശ്രീമതി.രശ്മി | വി.ഇ.ഒ സർക്കിൾ 2 | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ. | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | തൊഴിൽ നികുതി- പൂർണ്ണമായി ഈടാക്കുന്നില്ല-തനത് വരുമാനം കുറയുന്നു | 1-10 |
| 12 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നില്ല | 1-11 |
| 13 | ഇ-ടെണ്ടർ ഫീസ്- തനതു ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-12 |
| 14 | വേലൻമല റോഡ് റീ കോൺക്രീറ്റ് ആന്റ് ഹാന്റ് റെയിൽ പ്രൊട്ടക്ഷൻവാൾ നിർമ്മാണം-കരാറുകാരന് അധികം നൽകിയ തുക തിരികെ ഒടുക്കി | 1-13 |
| 15 | പേരിശ്ശേരി സ്കൂളിന് സൌണ്ട് സിസ്റ്റം - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-14 |
| 16 | വ്യക്തിഗത കക്കൂസ് - സബ്സിഡിയിൽ അധികരിച്ച് ആനുകൂല്യം നൽകിയിരിക്കുന്നു | 1-15 |
| 17 | ഫുട്ബാൾ പരിശീലനം - പരിശീലനം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. | 1-16 |
| 18 | ചുടലയിൽ റോഡ് പാർശ്വഭിത്തി നിർമ്മാണം- യഥാസമയം കരാറിലേർപ്പെട്ടില്ല, പിഴ ഈടാക്കിയില്ല | 1-17 |
| 19 | മാർഗ്ഗരേഖക്ക് വിരുദ്ധമായി എസ് സി കുട്ടികൾക്ക് പഠനാവശ്യത്തിന് ടാബുകൾ വാങ്ങി നൽകി. | 1-18 |
| 20 | എൻ.എസ്സ്.എസ്സ് .പോളച്ചാൽ - തലച്ചീരപൂഞ്ച റോഡ് -റീ ടാറിംഗ് -കരാർ യഥാസമയം ചമക്കുന്നില്ല, പിഴ ഈടാക്കിയിട്ടുമില്ല. | 1-19 |
| 21 | കോട്ടത്തറ-കോളനി റോഡ് സംരക്ഷണം- അപാകതകൾ | 1-20 |
| 22 | യൂണിറ്റ് കോസ്റ്റിനേക്കാൾ അധികരിച്ച നിരക്കിൽ ഇഞ്ചി വാങ്ങി വിതരണം ചെയ്തിരിക്കുന്നു - 1430/- രൂപ അധികച്ചെലവ് | 1-21 |
| 23 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം | 1-22 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല | |
| 24 | പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-23 |
| 25 | ഹോമിയോ ആശുപത്രിക്ക് കസേര വാങ്ങൽ -ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-24 |
| 26 | എസ് എസ് എ വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-25 |
| 27 | വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്കിൽ ചേർത്തില്ല. | 1-26 |
| 28 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ തിരികെ അടച്ച തുക പഞ്ചായത്ത് ഫണ്ടിൽ തുടരുന്നു. | 1-27 |
| 29 | ചെലവ് രേഖകൾ പൂർണ്ണമല്ല. | 1-28 |
| 30 | നെൽ വിത്ത് - വിതരണ രേഖകൾ ലഭ്യമാക്കിയില്ല | 1-29 |
| 31 | കാർഷിക വിത്തുകളുടെ വിതരണം -നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-30 |
| 32 | മരുന്ന് പൂർണമായും ലഭ്യമായില്ല | 1-31 |
| 33 | ലൈഫ് ഭവന പദ്ധതി - അവലോകനം | 1-32 |
| 34 | അങ്കണവാടി -അവലോകനം | 1-33 |
| 35 | തൊഴിലുറപ്പ് പദ്ധതി-ഒരു അവലോകനം | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വ്യക്തിഗത കക്കൂസ് - സബ്സിഡിയിൽ അധികരിച്ച് ആനുകൂല്യം നൽകിയിരിക്കുന്നു | 3-1 |
| 2 | യൂണിറ്റ് കോസ്റ്റിനേക്കാൾ അധികരിച്ച നിരക്കിൽ ഇഞ്ചി വാങ്ങി വിതരണം ചെയ്തിരിക്കുന്നു - 1430/- രൂപ അധികച്ചെലവ് | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ്നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ 1(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 149586436 | 148498600 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 117772166 | 120443279 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31/07/2022 | 16/06/2022 |

## 1-2-1 വാർഷികകണക്കിലെ അപാകതകൾ.

വാർഷികകണക്കിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. RP 7ഷെഡ്യൂൾ

എ) ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) എസിആർ പ്രകാരമുള്ള തുകയും (8115105/-) വാർഷികകണക്ക് പ്രകാരമുള്ള തുകയും (8085105/-) പൊരുത്തപ്പെടുന്നില്ല.

ബി) ഡെവലപ്മെന്റ് ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ് എ.സി.ആർ പ്രകാരമുള്ള തുകയും (1770813/-) വാർഷികകണക്ക് പ്രകാരമുള്ള തുകയും (1079433/-) പൊരുത്തപ്പെടുന്നില്ല.

2. CFC Grant – Tied ( 2777000), CFC Grant –Un Tied (1852000) വരവ് തുകകൾ തന്നെ B4 ഷെഡ്യൂളിൽ ബാധ്യത ആയി ഉൾപ്പെടുത്തിയിരിക്കുന്നു.
3. Auction Deposit Forfiet തുക (69150) RP 10 ൽ ചേർത്തിട്ടില്ല
4.ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ ഹാജരാക്കിയില്ല.

| | |
|---|---|
| Advance Collection (Profession Tax Traders) | 10700/-(RP 36) |
| Advance Collection (Licence Fee) | 6000/-(RP 36) |

5. Bidders EMD B7 ഷെഡ്യൂളിലെ (2020-21) തുക (20650) 2021-22 ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരുപ്പ് തുകയുമായി (19050/-) പൊരുത്തപ്പെടുന്നില്ല.
6. Stationary Expense ഇനത്തിലുള്ള തുക (36394/-) B14 ഷെഡ്യൂളിൽ (Closing Stocks – Stores) എന്ന ഹെഡ്ഡിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.
7. കെ എസ് ഇ ബി, പി ഡബ്ല്യ ഡി ഇലക്ട്രിക്കൽ സെക്ഷൻ എന്നിവിടങ്ങളിൽ നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതുമായ തുകകൾ B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. (വിശദാംശങ്ങൾക്ക് ഖണ്ഡിക കാണുക)

8. ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കൾ തിരിച്ചടച്ച തുക പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ( B9 ഷെഡ്യൂൾ Gov.& Other Dues Payable -80,000/-)

9. മരാമത്ത് പ്രവർത്തികളിൽ 2021-22 വർഷം പാർട്ട്ബിൽ നൽകിയ തുകകൾ (1,32,810/-) B -11 (A) Capital Work In Progress ഹെഡ്ഡിൽ ചേർത്തിട്ടില്ല.

10. സഞ്ചയ പ്രകാരമുള്ള വസ്തുനികുതിയും വാർഷികകണക്ക് പ്രകാരമുള്ള വസ്തുനികുതിയും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വസ്തുനികുതി (കറന്റ്) | വാർഷികകണക്ക് | സഞ്ചയ |
|---|---|---|

| | | |
|---|---|---|
| ഡിമാന്റ് | 2582887 | 3063443 |
| കളക്ഷൻ | 2582887 | 2782140 |
| ബാലൻസ് | Nil | 281303 |
| വസ്തുനികുതി (കുടിശ്ശിക) | | |
| ഡിമാന്റ് | 347347 | 366783 |
| കളക്ഷൻ | 179139 | 162476 |
| ബാലൻസ് | - | 204307 |

വസ്തുനികുതി പിരിവ് 100% എന്ന് മറുപടി നൽകിയെങ്കിലും വാർഷികകണക്കിലെ വസ്തുനികുതി (കുടിശ്ശിക) ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത വിശദമാക്കിയില്ല.

11. KURDFC ലോൺ തുകയിലെ നീക്കിയിരുപ്പ് തുക (97,96,000/-) യുടെ കൃത്യത വ്യക്തമാക്കിയില്ല. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

12. മാർച്ച്, 2021 ലെ കോൺട്രിബ്യൂട്ടറി പെൻഷൻ -പഞ്ചായത്ത് വിഹിതം (13943/-) B9 ഷെഡ്യൂളിൽ ചേർത്തിട്ടില്ല

13 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലെ തുകകൾ വാർഷിക കണക്കിലും (RP 47-71,000/-) അഡ്വാൻസ് രജിസ്റ്ററിലും (65,000/-) വ്യത്യാസപ്പെട്ടിരിക്കുന്നു.
14.അക്കൌണ്ടുകളുടെ രേഖപ്പെടുത്തലിൽ ഇരട്ടിപ്പ് –SBI ശുചിത്വമിഷൻ, SBT RCRSP ( ശുചിത്വമിഷൻ) എന്നിങ്ങനെ രണ്ട് അക്കൌണ്ടുകൾ വാർഷികകണക്കിൽ ചേർത്തിട്ടുണ്ട്. ഈ അക്കൌണ്ടുകളിലെ തുകകൾ (23849 + 3582316 =3606165) റീ കൺസിലേഷൻ പ്രകാരം കൃത്യമാണ്. പലിശ ഇനത്തിലെ തുക (23849/-) SBI ശുചിത്വമിഷൻ എന്നതിൽ സാംഖ്യയിൽ രസീത് ചെയ്യപ്പെട്ടതിനാലാണ് അക്കൌണ്ടുകളുടെ രേഖപ്പെടുത്തലിൽ ഇരട്ടിപ്പ് വന്നതെന്നാണ് അറിയിച്ചത്. അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.
ഓഡിറ്റ് എൻക്വയറി (നം 3/24.2.23) ക്ക് നൽകിയ മറുപടിയുടെ വിവരം.

1.എ) .ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) - പ്രോജക്ട് നം. 97/21 ന്റെ ചെലവ് തുക(30,000/- രൂപ) ക്ക് സാംഖ്യയിൽ ഇ-ബിൽ വൌച്ചർ ജനറേറ്റ് ചെയ്യാതിരുന്നത് ആണ് വ്യത്യാസത്തിന്റെ കാരണമെന്ന് വിശദീകരിച്ചു.

ബി) ഡെവലപ്മെന്റ് ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ് വ്യത്യാസം (691380/- ജേണൽ എൻട്രി) രേഖകൾ ഹാജരാക്കി വിശദമാക്കി.

2. സി എഫ് സി വരവ് തുകകൾ ജേണൽ ചെയ്യപ്പെടാതെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടതാണെന്നും വരും വർഷങ്ങളിൽ അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകി. മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചു. അപാകതകൾ പരിഹരിച്ച് വാർഷികകണക്ക് കൃത്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11937882 |
| വരവ് | 55442776 |
| ആകെ | 67380658 |
| ചെലവ് | 55752081 |
| നീക്കിയിരിപ്പ് | 11628577 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെയുള്ള വരവ്) | ആകെ | ചെലവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെയുള്ള ചെലവ്) | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 10444379 | 10444379 | 9943809 | 500570 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | | -- | 6991059 | 6991059 | 6539933 | 451126 |
| വികസനഫണ്ട് ടി.എസ്.പി. | | -- | 0/- | 0/- | 0 | 0/- |
| സംരക്ഷണഗ്രാന്റ് റോഡ് | | -- | 6620000 | 6620000 | 6299487 | 320513 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | -- | 5202519 | 5202519 | 4386384 | 816135 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Tied | | 6022907 | 6022907 | 3072607 | 2950300 |
| | Untied | | 3453076 | 3453076 | 2601354 | 851722 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 168 | 66885786 | 147 | 41168029 | 1 | 20 | 87.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 548 | 740649 | 741197 | 738002 | 3195 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 24101851 | 24101851 | 24101851 | 0 |
| ആകെ | 548 | 24842500 | 24843048 | 24839853 | 3195 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 37200 | 18 |
| കർഷക തൊഴിലാളി പെൻഷൻ | 6384000 | 900 |
| വിധവ പെൻഷൻ | 9981600 | 375 |
| വാർദ്ധക്യകാല പെൻഷൻ | 22410300 | 890 |
| വികലാംഗ പെൻഷൻ | 3668500 | 150 |
| അവിവാഹിത പെൻഷൻ | 289600 | 16 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-02-2023 തീയതിയിൽ 3.30 P.m മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 79530/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

3. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്റ്റുകൾക്ക് രൂപം നൽകേണ്ടത്. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. കൂടാതെ പദ്ധതികൾ നടപ്പാക്കിയതിന്റെ പുരോഗതി വിലയിരുത്തി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയിട്ടില്ല

4.റോഡ് രജിസ്റ്ററും, റോഡ് കണക്റ്റിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

5. സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ ശരിയായി ചിട്ടപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ചെലവ്സംബന്ധമായ രേഖകൾ ക്രമപ്പെടുത്തി ഫയലുകൾ യഥാവിധി സൂക്ഷിക്കുന്നതിന് വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 തൊഴിൽ നികുതി- പൂർണ്ണമായി ഈടാക്കുന്നില്ല-തനത് വരുമാനം കുറയുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരവിനമാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205(ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിന്റെ/ വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങൾ അടങ്ങിയ പത്രിക സമർപ്പിക്കുകയും അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ചുമത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നോട്ടീസ് നൽകേണ്ടതാണ്. സ്ഥാപനങ്ങളുടെ എണ്ണം പരിശോധിച്ച് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നില്ല. 2021-22 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ഇലഞ്ഞിമേൽ ക്ഷീരോദ്പാദക സഹകരണ സംഘം<br>നം-A-286 (D )APCOS | 2021-22 സാമ്പത്തിക വർഷം |
| 2 | പുലിയൂർ ക്ഷീരോദ്പാദന സഹകരണ സംഘം<br>നം-A-226(D) APCOS | 2021-22 സാമ്പത്തിക വർഷം |
| 3 | പാലാഴി ക്ഷീരോദ്പാദക സഹകരണ സംഘം ക്ലിപ്തം<br>നം.A-286 | 2021-22 സാമ്പത്തിക വർഷം |

| | | |
|---|---|---|
| 4 | പേരിശ്ശേരി ക്ഷീരോദ്പാദക സഹകണസംഘം<br>നം-37(D)APCOS | 2021-22 സാമ്പത്തിക വർഷം |
| 5 | ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി | 2021-22 സാമ്പത്തിക വർഷം |

ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണെന്ന് നിയമത്തിലും ചട്ടങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ.(നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്ന് ഉറപ്പു വരുത്താൻകഴിയും. പട്ടിക പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കാഞ്ഞതിന് വിശദീകരണം (ഓഡിറ്റ് എൻക്വറി നമ്പർ-01/23.01.23)ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം 3 പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നതായി ലഭിച്ച ലൈസൻസ് രജിസ്റ്ററിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെപേര്, അഡ്രസ്സ് | സ്ഥാപനം | വാർഡ് കെട്ടിടനമ്പർ |
|---|---|---|---|
| 1 | ബൈജു മാത്യു<br>കൂടത്തിനാൽ ഹൌസ്<br>തഴക്കര. പി.ഒ | വെൽകെയർ ഡയഗ്നോസ്റ്റിക് സെന്റർ ലാബോറോട്ടറി | VIII- 379,380 |
| 2 | ഡോ. ജാസ്മിൻ ജോൺ<br>കുന്നയ്ക്കൽ വീട്<br>കുട്ടംപേരൂർ, മാന്നാർ | ആയുർവേദ ക്ലിനിക്ക് | IX-602 |
| 3 | നിർമ്മൽ വർഗ്ഗീസ്<br>മുട്ടാട്ട് ജെ.ജെ. വില്ല<br>പുലിയൂർ.പി.ഒ | സെന്റ്. ആന്റണീസ് കമ്പ്യൂട്ടറൈസ്ഡ് മെഡിക്കൽ ലാബോറട്ടറി | I-187 |

സ്ഥാപനങ്ങളെ രജിസ്ട്രേഷൻ നടപടികൾക്ക് വിധേയമാക്കേണ്ടതാണ്.

## 1-12 ഇ-ടെണ്ടർ ഫീസ്- തനതു ഫണ്ടിൽ മുതൽക്കൂട്ടിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മുൻ വർഷങ്ങളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനം 87598/- രൂപ-എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ ഒടുക്ക് വരുത്തിയിരുന്നു. (2018-19 വർഷം 26208/- രൂപ, 2019-20 &2020-21 വർഷങ്ങളിൽ 32,480/- രൂപ, 2021-22 വർഷം 28,910/-രൂപ എന്നിങ്ങനെ) തനതു വരുമാനമാകയാൽ, എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് വന്ന തുകകൾ തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. ടെണ്ടർ ഫീയിനത്തിൽ എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന് നൽകേണ്ട തുക

87598/-രൂപ ലഭിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വേലൻമല റോഡ് റീ കോൺക്രീറ്റ് ആന്റ് ഹാന്റ് റെയിൽ പ്രൊട്ടക്ഷൻവാൾ നിർമ്മാണം- കരാറുകാരന് അധികം നൽകിയ തുക തിരികെ ഒടുക്കി

പ്രോജക്റ്റ് നം.S0019/22
കോൺട്രാക്ടർ :- പി.സി.തോമസ്
ഫണ്ട്- മെയിന്റനൻസ് ഫണ്ട് (റോഡ്) :-5,00,000/-
എഗ്രിമെന്റ് നം.09/AE/LSGD/PGP/21-22 തീയതി 08/11/2021.
എം.ബുക്ക് നം.53/2020-21
ബിൽ നമ്പരുകൾ
(1).21070252014400863545 തീയതി 30-12-2021- 289900/-രൂപ
(2) 21070252014401183973 തീയതി 23-02-2022- 158689/-രൂപ

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ , കരാറുകാരന് 3731/-രൂപ താഴെപ്പറയും പ്രകാരം അധികം നൽകിയതായി കാണുന്നു.

| | |
|---|---|
| എം.ബുക്ക് പ്രകാരം ടോട്ടൽ വാല്യൂ ഓഫ് വർക്ക് ഡൺ | :-398860/- |
| ഒഴിഞ്ഞ ടാർ വീപ്പയുടെ വില (-) | :-1666/- |
| ബാലൻസ് തുക | :-397194/- |
| 12% ജി.എസ്.ടി (+) | :- 47664/- |
| ആകെ | :-444858/- |
| ബില്ലിൽ നിന്നുള്ള കിഴിവുകൾ (-) | :- 15956/-(GST + IT+KCWWF) |
| ബാരലിൽ നിന്നുള്ള ജി.എസ്.ടി | :-301/- |
| റിടെൻഷൻ | :- 6471/- |
| ---------------------------------------- | |
| കോൺട്രാക്ടർക്ക് നൽകേണ്ടത് | :- 422130/- |

കരാറുകാരന് മേൽ സൂചിപ്പിച്ച ബില്ലുകളിലായി നൽകിയ തുക :- 425861/-(273073+152788)
അധികം നൽകിയത് :-( 425861- 422130) = 3731/-

കരാറുകാരന് തുക അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/2021-22 തീയതി) ലഭ്യമാക്കിയ മറുപടി പ്രകാരം 3731/-രൂപ പഞ്ചായത്തിൽ തിരികെ അടച്ചതിന്റെ രസീത് ലഭ്യമാക്കി(രസീത് നം.1220103576 തീയതി02-03-2023). സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള ചെലവാകയാൽ ടി തുക ബന്ധപ്പെട്ട ഹെഡ്സ് ഓഫ് അക്കൌണ്ടിൽ തിരികെ അടക്കേണ്ടതാണ്.

## 1-14 പേരിശ്ശേരി സ്കൂളിന് സൌണ്ട് സിസ്റ്റം - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

നിർവഹണം - ഹെഡ് മാസ്റ്റർ, ഗവ.യുപിഎസ്.

പ്രോജക്ടിന്റെ പേര് - പേരിശ്ശേരി സ്കൂളിന് സൌണ്ട് സിസ്റ്റം വാങ്ങൽ

പ്രോജക്റ്റ് നം. 212/22

അടങ്കൽ 35,000/-

ചെലവ് 34900/-

ബിൽ നം. 4/21-22/31.3.22

പദ്ധതിക്കായുള്ള 8.3.22 ലെ ഒപ്പ് വെക്കാത്ത ക്വട്ടേഷൻ നോട്ടീസ്, DC Technologies &Automatics എന്ന സ്ഥാപനത്തിന്റെ 34900/-രൂപയുടെ ഇൻവോയിസ്, മറ്റ് രണ്ട് സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനുകൾ, ട്രഷറി ബില്ലിന്റെ പകർപ്പ് എന്നിവ മാത്രമാണ് പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി സമർപ്പിച്ച രേഖകൾ. പദ്ധതി നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. GO(P)7/2019SPD Dated26.4.2019 പ്രകാരം25000 രൂപയിൽ അധികമായ ഏത് വാങ്ങലും ജെം പോർട്ടൽ വഴിയാകണം എന്ന നിർദ്ദേശമുണ്ട് . എന്നാൽ ഏതെങ്കിലും സാധനം ജം പോർട്ടലിൽ ലഭ്യമല്ലാത്തപക്ഷം അത് കൃത്യമായി പരിശോധിച്ച് ഉറപ്പിച്ചും വ്യക്തമാക്കിയും മറ്റ് മാർഗ്ഗത്തിലും വാങ്ങാം എന്ന് GO(P)13/19SPD Dated 25.10.2019 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു പരിശോധന നടത്താതെയാണ് പ്രസ്തുത പ്രോജക്ടിൽ വാങ്ങൽ നടത്തിയിരിക്കുന്നത്.

2.സ്റ്റോർ പർച്ചേസ് മാന്വൽ (ഖ.9.4) പ്രകാരം ടെണ്ടറുകൾ/ക്വട്ടേഷനുകൾ തുറന്നതിന് ശേഷം നിരക്കുകളുടെ കൃത്യവും പൂർണ്ണവുമായ താരതമ്യ പട്ടിക തയ്യാറാക്കേണ്ടതും ഖണ്ഡിക 9.16 മുതൽ ഖ.9.18 വരെ പ്രകാരം നിരക്കുകൾ താരതമ്യം ചെയ്യേണ്ടതും കുറഞ്ഞനിരക്കിലുള്ള ടെണ്ടർ അംഗീകരിയ്ക്കേണ്ടതുമാണ്. ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ലോവസ്റ്റ് ക്വട്ടേഷൻ ആരുടേതെന്ന് വിശദമാക്കിയിട്ടില്ല.

3ക്വട്ടേഷൻ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കിയില്ല.

4. സപ്ലൈ ചെയ്ത സ്ഥാപനവുമായി ഏർപ്പെട്ട കരാറിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/28.2.23) മറുപടി നൽകിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 34900/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 വ്യക്തിഗത കക്കൂസ് - സബ്സിഡിയിൽ അധികരിച്ച് ആനുകൂല്യം നൽകിയിരിക്കുന്നു

പ്രോജക്ട് നം - 178/22

പ്രോജക്ടിന്റെ പേര് - ഒ.ഡി.എഫ്. ക്യാമ്പയിൻ - വ്യക്തിഗത കക്കൂസ്

നിർവഹണം - വി.ഇ.ഒ.

വ്യക്തിഗത കക്കൂസ് നിർമ്മാണം എന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 18 ഗുണഭോക്താക്കൾക്ക് 12000 രൂപ ക്രമത്തിൽ കക്കൂസ് നിർമ്മാണം/മെയിന്റനൻസ് എന്നിവക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. സ.ഉ.(സാധാ) നം.1951/2019 /ത.സ്വ.ഭ.വ. തീയതി. 06-09-2019പ്രകാരം വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന്റെ യൂണിറ്റ് കോസ്റ്റ് 15400/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 12000/- രൂപ ശുചിത്വമിഷൻ ഫണ്ടും 3400/- രൂപ തദ്ദേശസ്ഥാപന വിഹിതമായും ഉൾപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്. സർക്കുലർ നം.334/ഡി.സി1/18/ത.സ്വ.ഭ.വ തീയതി 21-07-2018 പ്രകാരം നിലവിലുള്ള ഗാർഹികശൗചാലയങ്ങളുടെ മെയിന്റനൻസിന് 9240/- രൂപ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുണ്ട് (5000/-രൂപ ശുചിത്വമിഷൻ ഫണ്ടും 4240/- രൂപ തദ്ദേശസ്വയംഭരണ വിഹിതവും). ടി പ്രോജക്ട് പ്രകാരം ശുചിത്വമിഷൻ ഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് തദ്ദേശസ്ഥാപന വിഹിതം ചെലവഴിച്ചിട്ടില്ല. മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ പല ഗുണഭോക്താക്കളും കക്കൂസ് മെയിന്റനൻസ് നടത്തിയതിന്റെ എസ്റ്റിമേറ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ പുതിയ ശൗചാലയം നിർമ്മിക്കാൻ അനുവദിക്കുന്ന നിരക്കിൽ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ഐറ്റം തിരിച്ച് വാല്യുവേഷൻ രേഖപ്പെടുത്തിയിട്ടില്ല. ആകെ ചെലവ് തുക മാത്രമാണ് വാല്യുവേഷനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള കക്കൂസ് മെയിന്റനൻസ് നടത്തിയിട്ട് പുതിയ ശൗചാലയം നിർമ്മിക്കാൻ അനുവദിക്കുന്ന നിരക്കിൽ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാല്യുവേഷനിൽ രേഖപ്പെടുത്തിയ തുക | അനുവദിച്ച ശുചിത്വമിഷൻ വിഹിതം | ശുചിത്വമിഷൻ വിഹിതവും തദ്ദേശസ്ഥാപന വിഹിതവുമുൾപ്പെടെ ആകെ അനുവദിക്കാവുന്ന തുക | അധികം ചെലവഴിച്ചത് |
|---|---|---|---|---|---|
| 1 | അമ്മിണി ബാബു, ലിജി ഭവൻ | 20406/- | 12000/- | 9240/- | 2760/- |
| 2 | അശോകൻ.കെ.എ, കുറ്റിയിൽ | 18788/- | 12000/- | 9240/- | 2760/- |
| 3 | ജയശ്രീ, വടക്കേ പറമ്പിൽ | 18770/- | 12000/- | 9240/- | 2760/- |
| 4 | മറിയാമ്മ, വാരിക്കോലിൽ | 12650/- | 12000/- | 9240/- | 2760/- |
| 5 | വൽസല രാമചന്ദ്രൻ, ഇളപ്പിൻ പാട്ട് | 14995/- | 12000/- | 9240/- | 2760/- |
| 6 | മോഹനൻ, പുതുശ്ശേരിൽ | 12517/- | 12000/- | 9240/- | 2760/- |
| 7 | വിജു.പി എസ്, വിജു ഭവൻ | 14805/- | 12000/- | 9240/- | 2760/- |
| 8 | രത്നമ്മ, താഴേ | 9253/- | 12000/- | 9240/- | 2760/- |

| | | | | | |
|---|---|---|---|---|---|
| | ചെറുകര | | | | |
| 9 | സുജ അനിൽ കുമാർ, പുതുവൽ | 7593/- | 12000/- | 7593/- | 4407/- |
| 10 | കുറ്റിമലയിൽ രാജൻ, വട്ടപറമ്പിൽ | 14720/- | 12000/- | 9240/- | 2760/- |

ആകെ 29247/- രൂപ

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം . 08/2021-22 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ പുതിയ ടോയിലെറ്റാണ് നിർമ്മിച്ചതെന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ മെയിന്റനൻസിനുള്ള വാല്യുവേഷനാണ് ലഭിച്ചിട്ടുള്ളതെന്നും വാല്യുവേഷൻ തുക 12000/- രൂപയിൽ കൂടുതലായതിനാലാണ് 12000/- രൂപ വീതം ആനുകൂല്യം നൽകിയതെന്നും ക്രമ നം 8, 9 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നതിന് മുമ്പായി ഹാജരാക്കിയ വാല്യുവേഷനാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. വി.ഇ.ഒ.യുടെ നിരുത്തരവാദപരമായ മറുപടി അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 29247/- രൂപ ഗുണഭോക്താക്കളിൽ നിന്നോ, നിർവഹണോദ്യോഗസ്ഥയായ വി.ഇ.ഒ യിൽ നിന്നോ ഈടാക്കി ശുചിത്വമിഷൻ ഫണ്ടിൽ അടക്കേണ്ടതാണ് .ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തുക | ചെക്ക് നം /തീയതി |
|---|---|
| 36000/- | 048289/27-10-2021 |
| 12000/- | 048292/01-01-2022 |
| 12000/- | 048295/19-01-2022 |
| 24000/- | 048298/15-03-2022 |
| 12000/- | 048296/24-02-2022 |
| 24000/- | 048297/26-02-2022 |
| 24000/- | 637283/22-03-2022 |
| 72000/- | 637286/30-03-2022 |

## 1-16 ഫുട്ബാൾ പരിശീലനം - പരിശീലനം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

നിർവഹണം -ഹെഡ് മാസ്റ്റർ, ഗവ.യുപിഎസ്.

പ്രോജക്ട് നം. 36/22

പ്രോജക്ടിന്റെ പേര് -യുവാക്കൾക്ക് ഫുട്ബാൾ പരിശീലനം

അടങ്കൽ 30,000/-

ചെലവ് 30,000/-

ബിൽ നം. 2/21-22/31.3.22

പദ്ധതിക്കായുള്ള 8.3.22 ലെ ഒപ്പ് വെക്കാത്ത ക്വട്ടേഷൻ നോട്ടീസ്,സ്പോർട്സ് വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും ജഴ്സി സെറ്റ് (22), ഫുട്ബാൾ (6), മാർക്കർ തുടങ്ങിയവ വാങ്ങിയതിന്റെ ബില്ലുകൾ (11150/-), പരിശീലകന്റെ കൈപ്പറ്റ് രസീത് (12,000/-), ഭക്ഷണ ബിൽ (6850/-) എന്നിവ മാത്രമാണ് പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി സമർപ്പിച്ച രേഖകൾ. പദ്ധതി നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പരിശീലകന്റെ യോഗ്യത ഉൾപ്പെടെ പരിശീലകനെ തെരഞ്ഞെടുത്തതിന്റെയും പരിശീലനഫീസ് നിശ്ചയിച്ചതിന്റെയും, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയില്ല.

2. പരിശീലനം ഏതെല്ലാം തീയതികളിൽ സംഘടിപ്പിച്ചു എന്നതിന്റെയും ആരെല്ലാം പങ്കെടുത്തു എന്നതിന്റെയും രേഖകൾ ഹാജരാക്കിയില്ല.

3. സ്പോർട്സ് ഉപകരണങ്ങൾ, സ്റ്റേഷനറി എന്നിവ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും സമർപ്പിച്ച ക്വട്ടേഷനുകളുടെയും വിശദാംശം ഹാജരാക്കിയില്ല.

4.ക്വട്ടേഷൻ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/28.2.23)

മറുപടി നൽകിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 30,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ചുടലയിൽ റോഡ് പാർശ്വഭിത്തി നിർമ്മാണം- യഥാസമയം കരാറിലേർപ്പെട്ടില്ല, പിഴ ഈടാക്കിയില്ല

എൻക്വയറി നം. 12/2021-22

പ്രോജക്ട് നം.S0052/21

പ്രോജക്റ്റിന്റെ പേര് :-;ചുടലയിൽ റോഡ് -കൺസ്ട്രക്ഷൻ ഓഫ് സൈഡ് പ്രൊട്ടക്ഷൻ വാൾ-നിർമ്മാണം

കോൺട്രാക്ടർ :- ശ്രീ. ഹരിദാസൻ പിള്ള.കെ.പി

ഫണ്ട്- മെയിന്റനൻസ് ഫണ്ട് (റോഡ്) :-4,39,000/-

എഗ്രിമെന്റ് നം.30/AE/LSGD/PGP/20-21 തീയതി 15/01/2021.

എം.ബുക്ക് നം.67/2020-21

ബിൽ നമ്പർ

(1).21070252014400232855 തീയതി 26-07-2021- 387850/-രൂപ

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക്, എഗ്രിമെന്റ് ഇവ പരിശോധിച്ചതിൽ 20-08-2020 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം 1/2പ്രകാരം ശ്രീ. ഹരിദാസൻ പിള്ള.കെ.പി യുടെ 1% കുറവിലുള്ള ടെണ്ടർ അംഗീകരിക്കുകയും 20-08-2020-ൽ തന്നെ ഈ പ്രവൃത്തി നടത്തുന്നതിന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരൻ എഗ്രിമെന്റ് വെച്ച് പണി ഏറ്റെടുത്തത് 15-01-2021 ൽ മാത്രമാണ്. പണി പൂർത്തീകരിച്ച് ഫൈനൽ പെയ്മെന്റ് അനുവദിച്ചപ്പോൾ യഥാസമയം കരാർ വെച്ച് വർക്ക് തുടങ്ങാതിരുന്നതിന് ഫൈൻ ഈടാക്കിയതായി കാണുന്നില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/2021-22 തീയതി) ലഭ്യമാക്കിയ മറുപടിയിൽ ടി.എസ്.ബി സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം വന്നതിനാലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ, കരാർ യഥാസമയം ചമക്കാതിരുന്നതിനുള്ള ഫൈൻ 3879/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡ് ഓഫ് അക്കൌണ്ടിൽ അടക്കേണ്ടതാണ്.

.

## 1-18 മാർഗ്ഗരേഖക്ക് വിരുദ്ധമായി എസ് സി കുട്ടികൾക്ക് പഠനാവശ്യത്തിന് ടാബുകൾ വാങ്ങി നൽകി.

നിർവഹണം - ഹെഡ് മാസ്റ്റർ, ഗവ.യുപിഎസ്.

പ്രോജക്റ്റിന്റെ പേര് - എസ് സി കുട്ടികൾക്ക് പഠനാവശ്യത്തിനായി ടാബ് ലറ്റ് വാങ്ങി നൽകൽ.

പ്രോജക്ട് നം. 202/22

അടങ്കൽ 1,53,500/- (എസ് സി പി)

ചെലവ് 1,53,000/-

ബിൽ നം. 3/21-22/31.3.22

ഐശ്വര്യ സ്റ്റോഴ്സ് & സർവീസസ് എന്ന സ്ഥാപനം നൽകിയ ക്വട്ടേഷൻ മാത്രമാണ് ഹാജരാക്കിയത്. ഈ സ്ഥാപനത്തിൽ നിന്നുമാണ് ടാബുകൾ വാങ്ങിയത്. പദ്ധതിക്കായി ക്ഷണിച്ച ക്വട്ടേഷന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല.പദ്ധതി നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ജിഒ(എം എസ്) നം.22/2018/തസ്വഭവ തീയതി 14.02.18 സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഇത്തരത്തിലൊരു പ്രോജക്ടിനായി തുക ചെലവഴിക്കുന്നത് വിശദമാക്കിയിട്ടില്ല. സർക്കുലർ നം.എഫ്.എം.2/148/2020/ത സ്വ ഭ വ തീയതി 22.9.20 പ്രകാരം വിദ്യാർത്ഥികൾക്ക് ടെലിവിഷൻ/ ലാപ് ടോപ്പ്/കമ്പ്യൂട്ടർ എന്നിവക്ക് പകരമായി ടാബ്, സ്മാർട്ട് ഫോൺ എന്നിവ വാങ്ങി നൽകാവുന്നതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠന മാർഗ്ഗനിർദ്ദേശങ്ങളിൽ മാത്രമാണ് ടാബുകൾ വാങ്ങാൻ അനുമതിയുള്ളത്. പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പദ്ധതിയിൽ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ടാബുകൾ വാങ്ങിനൽകിയതിന് വിശദീകരണം നൽകിയില്ല.

2.കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടലായ സി.പി.ആർ.സി.എസിൽ നിന്നും സമാഹരിക്കേണ്ടതാണെന്ന് സ്റ്റോർപർച്ചേസ് മാനുവൽ ഖ.7.52 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. സർക്കുലർ നം 1/26/2019ഐ.ടി സെൽ 1/26/2019 പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് സംവിധാനത്തിലൂടെ മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങാവൂ എന്നും, സി.പി.ആർ.സി.എസ് വഴിയല്ലാതെ കമ്പ്യൂട്ടറുകളും മറ്റു

ഉപകരണങ്ങളും വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിയ്ക്കുന്നതല്ലെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ടാബുകളുടെ വാങ്ങലിൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

3.ടെന്ററിൽ ഒരു സ്ഥാപനം മാത്രമാണ് പങ്കെടുത്തത്. റീ ടെന്റർ നടത്തിയതിന്റെയോ ഏക ടെന്റർ സമർപ്പിച്ച സ്ഥാപനവുമായി നെഗോസിയേഷൻ നടത്തി വിലയിൽ കുറവ് വരുത്തിയതിന്റെയോ രേഖകൾ ഹാജരാക്കിയില്ല.

4. സപ്ലൈ ചെയ്ത സ്ഥാപനവുമായി ഏർപ്പെട്ട കരാറിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

5.വാങ്ങിയ ടാബുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/28.2.23) മറുപടി നൽകിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 1,53,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 എൻ.എസ്സ്.എസ്സ് .പോളച്ചാൽ - തലച്ചീരപുഞ്ച റോഡ് -റീ ടാറിംഗ് -കരാർ യഥാസമയം ചമക്കുന്നില്ല, പിഴ ഈടാക്കിയിട്ടുമില്ല.

പ്രോജക്ട് നം.S020/21-22
പ്രോജക്ടിന്റെ പേര് :-എൻ.എസ്സ്.എസ്സ് .പോളച്ചാൽ ചക്കാലയിൽപടി-
തോട്ടാമൺ തലച്ചീരപുഞ്ച റോഡ് -റീ ടാറിംഗ്
കോൺട്രാക്ടർ :- ശ്രീ. എം.എ.രാജൻ
ഫണ്ട്- :- മെയിന്റനൻസ് ഫണ്ട് (റോഡ്) :-4,70,000/-
എഗ്രിമെന്റ് നം.10/AE/LSGD/PGP/20-21 തീയതി 10/11/2021.
എം.ബുക്ക് നം.48/20-21
ബിൽ നമ്പർ
(1).21070252014400960600 തീയതി 17-01-2022- തുക 462620 /-രൂപ

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക്, എഗ്രിമെന്റ് ഇവ പരിശോധിച്ചതിൽ 24-09-2021 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം 1/1 പ്രകാരം ശ്രീ. എം.എ.രാജന്റെ എസ്റ്റിമേറ്റ് റേറ്റിലുള്ള ടെണ്ടർ അംഗീകരിക്കുകയും 24-09-2021 ൽ തന്നെ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരൻ എഗ്രിമെന്റ് വെച്ച് പണി ഏറ്റെടുത്തത് 10-11-2021 ൽ മാത്രമാണ്. ഫൈനൽ ബിൽ പെയ്മെന്റ് അനുവദിച്ചപ്പോൾ, യഥാസമയം കരാർ വെച്ച് വർക്ക് തുടങ്ങാതിരുന്നതിന് ഫൈൻ ഈടാക്കിയതായി കാണുന്നില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീയതി 28-02-2023) ലഭ്യമാക്കിയ മറുപടിയിൽ, ട്രഷറിയിൽ നിന്നും ടി.എസ്.ബി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം വന്നതിനാലാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ പിഴ ഇനത്തിൽ 4626/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡ് ഓഫ് അക്കൌണ്ടിൽ അടക്കേണ്ടതാണ്.

## 1-20 കോട്ടത്തറ-കോളനി റോഡ് സംരക്ഷണം- അപാകതകൾ

പ്രോജക്ട് നം.S0182/20
പ്രോജക്ടിന്റെ പേര് :--കോട്ടത്തറ-കോളനി റോഡ് സംരക്ഷണം
കോൺട്രാക്ടർ :-ശ്രീ. എം.സി.ജോർജ്ജ്
വികസന ഫണ്ട് :- 396000/-
എഗ്രിമെന്റ് നം.38/AE/LSGD/PGP/19-20 തീയതി 17/03/2020.
എം.ബുക്ക് നം.16(a)/19-20
ബിൽ നമ്പർ
(1)21070252014401284017 തീയതി 09-03-2022- 387535/-രൂപ

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക്, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ, 20-08-2020 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1/3 തീരുമാന പ്രകാരം എർത്ത് ഫില്ലിംഗ്, ക്വാറി മക്ക് ഫില്ലിംഗ് എന്നീ ഇനങ്ങൾ അധികമായി ചെയ്യേണ്ടി വന്നതിനാൽ അടങ്കൽ തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ തുടർച്ചയായുള്ള മഴ കാരണം ഡി.ആർ വർക്ക്, ക്വാറി മക്ക്(ചെയിനേജ് 0/000 മുതൽ 0/011 വരെ) എന്നിവ നശിച്ചുപോയതിനാൽ ഇവ വീണ്ടും ചെയ്യുന്നതിന് വരുന്ന ചെലവ് കോൺക്രീറ്റ് ചെയ്യുന്ന ഇനം ഒഴിവാക്കി കണ്ടെത്തുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 17-03-2020 ൽ ആരംഭിച്ച പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 31-01-2022 ലാണ്. ഇക്കാലയളവ് അത്രയും വെള്ളക്കെട്ട് ആയിരുന്നുവെന്ന് രേഖപ്പെടുത്തിയ കമ്മറ്റി തീരുമാനപ്രകാരമാണ് ഫൈൻ ഒഴിവാക്കി നൽകിയിട്ടുള്ളത്. മേൽപ്പറഞ്ഞ പ്രകാരം പണി പൂർത്തീകരിക്കുന്നതിന്റെ കാലാവധി ദീർഘിപ്പിച്ചതിനാലാണ് വർക്ക് അധികമായി ചെയ്യേണ്ടി വന്നതും,

ആദ്യം ചെയ്തത് നശിച്ചുപോകുന്നതിന് ഇടയാക്കിയതും. ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ വർക്ക് ദീർഘിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ കാരണം വ്യക്തമാക്കി അപേക്ഷ നൽകിയിട്ടുള്ളത് ബിൽ തയ്യാറാക്കുന്നതിനോടനുബന്ധിച്ചാണ്. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.18/2021-22തീയതി 28-02-2023) മറുപടിയിൽ വെള്ളപൊക്കത്തെ കണക്കിലെടുത്ത് പി.ഡബ്ല്യു.ഡി റോഡിനെക്കാൾ ഉയർത്തി ചെയ്യണമെന്ന് ആവശ്യപ്പെട്ട് ജനങ്ങൾ വർക്ക് തടസ്സപ്പെടുത്തിയെന്നും തുടർന്ന് 2022-23 വർഷം കോൺക്രീറ്റ് ചെയ്തിട്ടുണ്ടെന്നും അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. സൈറ്റിലുണ്ടാകുന്ന പ്രശ്നങ്ങൾ ജന പ്രതിനിധികൾ ഇടപെട്ട് യഥാസമയം പരിഹരിച്ച് വർക്കുകൾ അനിയന്ത്രിതമായി നീളുന്നതുമൂലം അധികചെലവിന് ഇടയാക്കുന്ന സാഹചര്യങ്ങളുണ്ടാകുന്നത് ഒഴിവാക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 യൂണിറ്റ് കോസ്റ്റിനേക്കാൾ അധികരിച്ച നിരക്കിൽ ഇഞ്ചി വാങ്ങി വിതരണം ചെയ്തിരിക്കുന്നു - 1430/- രൂപ അധികച്ചെലവ്

പ്രോജക്ട് നം - 98/22

പ്രോജക്ടിന്റെ പേര് - ഇടവിളകിറ്റ് വിതരണം
നിർവഹണം – കൃഷി ഓഫീസർ

ചെലവ് 1 ) 60000/- (ട്രഷറി ബിൽ നം . 21070252011000534762/11-10-2021)

2 ) 83000/- (ട്രഷറി ബിൽ നം .21070252011001251917/04-03-2022)വികസന ഫണ്ടിൽ

മേൽ പ്രോജക്ട് പ്രകാരം ഹരിതശ്രീ ഇക്കോഷോപ്പിൽ നിന്ന് ചേന , ചേമ്പ് , മഞ്ഞൾ , ഇഞ്ചി എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം | വാങ്ങിയ സാധനം | അളവ് | നിരക്ക് |
|---|---|---|---|
| 079/04-10-2021 | ചേന | 480kg | 45/kg |
| | ചേമ്പ് | 360kg | 65/kg |
| | മഞ്ഞൾ | 120kg | 40/kg |
| | ഇഞ്ചി | 120kg | 85/kg |
| 84/25-02-2022 | ചേന | 664kg | 45/kg |
| | ചേമ്പ് | 498kg | 65/kg |
| | മഞ്ഞൾ | 166kg | 40/kg |
| | ഇഞ്ചി | 166kg | 85/kg |

ഇപ്രകാരം ആകെ 286kg ഇഞ്ചി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇഞ്ചിയുടെ യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് 80/- രൂപ ആണ്. കിലോഗ്രാമിന് 5/- രൂപ നിരക്കിൽ ആകെ 1430/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.19/2021-22 പ്രകാരം വിശദീകരണം തേടിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് അടവാക്കേണ്ടതാണ്. പദ്ധതി സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ടും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഭാഗമായി പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ സെക്ഷൻ, ആലപ്പുഴ, കെ എസ് ഇ ബി എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.
എ). പത്താം വാർഡ് അംഗനവാടി കെട്ടിടത്തിന്റെ നവീകരണം

പ്രോജക്ട് നം. 220/22

ഫണ്ട് തനതുഫണ്ട്

അടങ്കൽ 85000/-

ചെലവ് 81153/-ചെക്ക് നം, തീയതി -256191/25.3.22

ആയുർവേദആശുപത്രിയോട് ചേർന്നുള്ള സ്ത്രീ സൌഹൃദ കേന്ദ്രം, തോന്നക്കാട് പത്താം വാർഡിലെ അംഗനവാടി കെട്ടിടം എന്നിവയുടെ വൈദ്യുതീകരണം ഡെപ്പോസിറ്റ് വർക്കായി ചെയ്യുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു(22.3.22 ലെ 1(3) തീരുമാനം). ഇത് പ്രകാരം സെന്റേജ് ചാർജ് (8891/-)ഉൾപ്പെടെ 81153/- രൂപ പി

ഡബ്ല്യു ഡി ഇലക്ട്രിക്കൽ സെക്ഷൻ, ആലപ്പുഴ ക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഇലക്ട്രിക്കൽസെക്ഷൻ, ആലപ്പുഴയിൽ നിന്നും ലഭിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 81153/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ബി) സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ

പ്രോജക്ട് നം. 120/22

ഫണ്ട് ധനകാര്യകമ്മീഷൻഗ്രാന്റ്

അടങ്കൽ 1,50,000/-

ചെലവ് 47200 ( വൌച്ചർ നം, 399/28.3.22)

102165/- (വൌച്ചർ നം, 343/23.3.22)

വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി ലഭിച്ച എസ്റ്റിമേറ്റുകളുടെയും നൽകിയ തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ഇലക്ട്രിക്കൽ ഡിവിഷൻ | എസ്റ്റിമേറ്റ് തീയതി | തുക |
|---|---|---|
| മാവേലിക്കര | 26.3.22 | 47200/- |
| ചെങ്ങന്നൂർ | 17.3.22 | 91545/- |
| മുളക്കുഴ | 18.3.22 | 10620/- |

തുകയുടെ വിനിയോഗരേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കെ എസ് ഇ ബി യിൽ നിന്നും ലഭിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചു.വിനിയോഗരേഖകളുടെ അഭാവത്തിൽ 1,49,365/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 10/27.2.23

## 1-23 പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവഹണം - സെക്രട്ടറി

പ്രോജക്ട് നം. 131/22

അടങ്കൽ 202000/-

ചെലവ് 47359/-

30499/- (വൌച്ചർ നം, തീയതി 178/28.12.21)

16860/- (വൌച്ചർ നം, തീയതി 242/17.2.22)

വിവിധ വാർഡുകളിലെ പോസ്റ്റ് ഷിഫ്റ്റിംഗിന് ആയി ചെങ്ങന്നൂർ ഇലക്ട്രിക്കൽ സെക്ഷന് 47359/- രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 47359/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി 47359/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ഹോമിയോ ആശുപത്രിക്ക് കസേര വാങ്ങൽ -ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല

പ്രോജക്ട് നം 28/21-22

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിക്ക് കസേര വാങ്ങൽ
നിർവഹണം – മെഡിക്കൽ ഓഫീസർ ഹോമിയോ
ചെലവ് : ട്രഷറി ബിൽ നം 21070252010900715874/26-11-21 – 22000/- രൂപ
സിഡ്കോ സ്റ്റോബോഡ് ഫാക്ടറിയുടെ ഇൻവോയിസ് നം.35/18-11-2021 പ്രകാരം കസേരകൾ വാങ്ങുന്നതിനായി 22000 രൂപ ചെലവഴിച്ചിട്ടുണ്ട്. Perforated Sheet Visitor Chair 3 Seater (ഒന്ന്), Plastic Chair Without Arm (24 എണ്ണം) എന്നിവയാണ് വാങ്ങിയിട്ടുള്ളത്. ഇതിൽ Plastic Chair Without Arm എന്നയിനം സിഡ്കോയുടെ അപ്രൂവ്ഡ് പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഉത്തരവ് നം ജി.ഒ.(ആർ.ടി.) 49/2019/spd/14-11-2019 പ്രകാരം സിഡ്കോയുടെ

പ്രൈസ് ലിസ്റ്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്തയിനങ്ങൾ ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിച്ച് വേണം വാങ്ങേണ്ടത് . അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 എസ് എസ് എ വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവഹണഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. 29/22

അടങ്കൽ 2,00,000/-

ചെലവ് 2,00,000/-

ബിൽ നം.17/21-22/26.8.21

എസ് എസ് എ പദ്ധതിയുടെ ഭാഗമായി 2,00,000/- രൂപ സമഗ്ര ശിക്ഷാ കേരള ക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം, തുക പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ എന്തെല്ലാം ആവശ്യത്തിനായി വിനിയോഗിച്ചു എന്നതിന്റെ വിശദമായ വിനിയോഗരേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.10/27.2.23) മറുപടിയിൽ എസ് എസ് എ യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നമുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്കിൽ ചേർത്തില്ല.

നിർവഹണം - ഹെഡ് മാസ്റ്റർ, ഗവ.യുപിഎസ്.

പ്രോജക്ട് നം. 205/22

പ്രോജക്ടിന്റെ പേര് - പേരിശ്ശേരി സ്കൂളിന് ഫർണ്ണീച്ചർ വാങ്ങൽ.

അടങ്കൽ 3,70,000/-

ചെലവ് 3,70,000/-

ബിൽ നം. 1/21-22/31.3.22

3,70,000/- രൂപ ചെലവഴിച്ച് സിഡ്കോയിൽ നിന്നും 32 വീതം സ്റ്റീൽ ഫ്രെയിം ഡെസ്ക് , സ്റ്റീൽ ഫ്രെയിം ബെഞ്ച് വിത്ത് ബാക്ക് റെസ്റ്റ് എന്നിവയാണ് വാങ്ങിയത്. ഫർണ്ണീച്ചറുകളുടെ ക്ഷമത സംബന്ധിച്ച് സിഡ്കോയുമായി ഏർപ്പെട്ട കരാർ, വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിശദാംശം എന്നിവ ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. അപാകതകൾ കാരണം ചെലവഴിച്ച 3,70,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 15/28.2.23

## 1-27 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ തിരികെ അടച്ച തുക പഞ്ചായത്ത് ഫണ്ടിൽ തുടരുന്നു.

ലൈഫ് ഭവന പദ്ധതിയിൽ 2018-19 വർഷം ഗുണഭോക്താവ് തിരികെ അടച്ച 40,000/- രൂപയും 2021-22 വർഷം തിരിച്ചടച്ച 40,000/- രൂപയും ഉൾപ്പെടെ 80,000/- രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. (B9 ഷെഡ്യൂൾ Gov.& Other Dues Payable -80,000/-) പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും തുക നിശ്ചിത ഹെഡ്ഡിൽ തിരികെ അടച്ച് വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-28 ചെലവ് രേഖകൾ പൂർണ്ണമല്ല.

നിർവഹണം - ഹെഡ് മാസ്റ്റർ, ഗവ.യുപിഎസ്.

പ്രോജക്ടിന്റെ പേര് - പ്രൈമറി സ്കൂളുകളുടെ ദൈനംദിന ചെലവുകൾ

പ്രോജക്ട് നം. 214/22

അടങ്കൽ 40,000/-

ചെലവ് 39268/-

ബിൽ നം. 5/21-22/31.3.22

പ്രോജക്ട് പ്രകാരമുള്ള ആകെ ചെലവ് 39268/- രൂപയാണ്. എന്നാൽ 35610/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ്

ഹാജരാക്കിയത്. ബാക്കി തുകയുടെ ചെലവ് രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 3610/- (35610 – 39268) രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 15/28.2.23

## 1-29 നെൽ വിത്ത് - വിതരണ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം -71/22

പ്രോജക്ടിന്റെ പേര് - നെൽകൃഷി പ്രോത്സാഹനം -വിത്ത്

നിർവഹണം - കൃഷിഓഫീസർ

ചെലവ് -: 1000000/- (ട്രഷറി ബിൽ നം . 21070252011000534752/11-10-2021)

മേൽപ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 37020 Kg നെൽവിത്ത് പീഠികയിൽ അഗ്രിക് ഏജൻസീസിൽ (ബിൽ നം .144/29.09.21 ) നിന്ന് വാങ്ങിയിട്ടുണ്ട് . ടി നെൽ വിത്തിന്റെ വിതരണ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം .19/2021-22 ന് മറുപടി നൽകിയിട്ടില്ല . ടി നെൽവിത്ത് 13 പാടശേഖരസമിതികൾക്കായി വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു .

| ക്രമ നം | പാടശേഖരസമിതിയുടെ പേര് | കൈപ്പറ്റിയ നെൽവിത്ത് |
|---|---|---|
| 1 | നരച്ചമുട്ടം പാടശേഖരം | 4417.6 Kg |
| 2 | കോടൻചിറ പാടശേഖരം | 2230.8 Kg |
| 3 | ഊരാട് പാടശേഖരം | 1825.6 Kg |
| 4 | ചിറ്റാറ്റ് വയൽ പാടശേഖരം | 5346 Kg |
| 5 | പടനിലം പാടശേഖരം | 2965.2 Kg |
| 6 | പടനിലം ഈസ്റ്റ് പാടശേഖരം | 1486.8 Kg |
| 7 | തൃപുലിയൂർ പാടശേഖരം | 889 Kg |
| 8 | കൊട്ടാരത്തിൽ പടി പാടശേഖരം | 6500 Kg |
| 9 | കരികുളം പാടശേഖരം | 1931.8 Kg |
| 10 | ആല്ലും പാടം പാടശേഖരം | 2000 Kg |
| 11 | പൂവണ്ണാമുറി പാടശേഖരം | 1900 Kg |
| 12 | കരീപ്രം കീഴ്ച്ചേരി പാടശേഖരം | 3600 Kg |
| 13 | വടപുറം പാടശേഖരം | 1907.2 Kg |

ആകെ 37000 Kg

20 Kg നെൽവിത്ത് വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമല്ല . നെൽവിത്ത് വിതരണം ചെയ്തത് സംബന്ധിച്ച പാടശേഖരസമിതിയുടെ അപേക്ഷ , കൈപ്പറ്റ് രസീത് , കർഷകർക്ക് വിതരണം ചെയ്തത് സംബന്ധിച്ച വിതരണ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് . മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1000000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പീഠികയിൽ അഗ്രിക് ഏജൻസീസിന്റെ ബിൽ നം .144/29.09.21 പ്രകാരം 37020 Kg നെൽവിത്ത് 42 രൂപ/kg നിരക്കിലാണ് വാങ്ങിയിട്ടുള്ളത് . ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ തുക1554840/- രൂപയാണ് . ഇതിൽ 1000000 രൂപ മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട് . ബാക്കി 554840/-രൂപ ഡിപ്പാർട്മെന്റൽ സ്കീമിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് . ഡിപ്പാർട്മെന്റിൽ നിന്ന് നേരിട്ട് നൽകുന്ന ടി തുകയുടെ ചെലവ് രേഖകൾ കൃഷി ഭവനിൽ ലഭ്യമല്ലാത്തതിനാൽ ഈ ചെലവ് ഓഡിറ്റിൽ പരിശോധിക്കാൻ സാധിക്കുന്നില്ല . പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് സാധനങ്ങൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതും ഡിപ്പാർട്മെന്റ് ഫണ്ടിന്റെ ചെലവുകൾ പ്രത്യേകമായും നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-30 കാർഷിക വിത്തുകളുടെ വിതരണം -നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

എ) പ്രോജക്ട് നം - 99/22

പ്രോജക്ടിന്റെ പേര് - പച്ചക്കറി ഹൈബ്രിഡ് വിതരണം

നിർവഹണം - കൃഷി ഓഫീസർ

ചെലവ് 50000/- (ട്രഷറി ബിൽ നം. 21070252011000534764/11-10-2021)

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഹരിതശ്രീ ഇക്കോഷോപ്പിൽ നിന്ന് പച്ചക്കറി വിത്തുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് | വിത്തിനം | എണ്ണം | നിരക്ക് |
|---|---|---|---|
| 078/01-10-2021 | വഴുതന | 333 പായ്ക്കറ്റ് | 30 |
| | വെണ്ട | 333 പായ്ക്കറ്റ് | 30 |
| | ചീര | 333പായ്ക്കറ്റ് | 30 |
| | പയർ | 333 പായ്ക്കറ്റ് | 30 |
| | മുളക് | 333 പായ്ക്കറ്റ് | 30 |

പായ്ക്കറ്റിലെ വിത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ നേരിട്ടാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. സബ്സിഡിമാർഗ്ഗരേഖ സർക്കാർ ഉത്തരവ് നം 22/2018/തസ്വഭവ, തീയതി 14-02-2018 പ്രകാരം കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി എന്നിവയിൽ നിന്നും വാങ്ങുമ്പോൾ യഥാർത്ഥ വില നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശത്തിൽ നിന്ന് വ്യതിചലിച്ച് വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ട് വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. പദ്ധതി നിർവഹണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

ബി) പ്രോജക്ട് നം - 100/22

പ്രോജക്ടിന്റെ പേര് - കുറ്റിക്കുരുമുളക് വിതരണം
നിർവഹണം - കൃഷി ഓഫീസർ

ചെലവ് 1 ) 100000/- (ട്രഷറി ബിൽ നം. 21070252011000534770/11-10-2021)

2) 33333ചെക്ക് നം. 256160/03-02-22

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഹരിതശ്രീ ഇക്കോഷോപ്പിൽ നിന്ന് 667 എണ്ണം കുറ്റിക്കുരുമുളക് തൈ (ബിൽ നം 77/30-09-2021) വാങ്ങി വിതരണം ചെയ്തിട്ടുണ്ട് . ഒരെണ്ണത്തിന് 200 രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. കുരുമുളക് തൈ എത്രമാസം പ്രായമുള്ളതാണെന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ നേരിട്ടാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. അപാകത സംബന്ധിച്ച് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/2021-22) മറുപടി നൽകിയിട്ടില്ല. പദ്ധതി നിർവഹണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ നേരിട്ട് വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. മേൽ പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 183333 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 മരുന്ന് പൂർണമായും ലഭ്യമായില്ല

പ്രോജക്ട് നം - 46/2022

പേര് - പാലിയേറ്റീവ് കെയർ പ്രോജക്ട്

നിർവഹണം - മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

മേൽ പ്രോജക്ടിനായി ട്രഷറി ബിൽ നം .21070252010700786395/14-12-2021 പ്രകാരം 100000/- രൂപ പിൻവലിച്ച് മരുന്ന് വാങ്ങുന്നതിനുള്ള അഡ്വാൻസായി KMSCL ന് നൽകിയിട്ടുണ്ട് . ഫയൽ പരിശോധിച്ചതിൽ 90848/- രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടുണ്ട് . ബാക്കി 9152 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് . ലഭിച്ച മരുന്നിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

| ക്രമ നം | ഇൻവോയിസ് നം | തുക |
|---|---|---|
| 1 | 15238/28-03-22 | 3103 |
| 2 | 1922/11-05-22 | 25857 |
| 3 | 4381/14-06-22 | 28618 |

| | | |
|---|---|---|
| 4 | 5397/02-07-22 | 8102 |
| 5 | 3419/02-06-22 | 8365 |
| 6 | 5398/02-07-22 | 11841 |
| 7 | 12041/24-09-22 | 834 |
| 8 | 18010/22-11-22 | 1840 |
| 9 | 18114/22-11-22 | 1559 |
| 10 | 13456/11-10-22 | 297 |
| 11 | 23261/16-01-23 | 432 |

ആകെ 90848/- രൂപ

മരുന്ന് ലഭിക്കാത്തതിനാൽ 9152 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

## 1-32 ലൈഫ് ഭവന പദ്ധതി - അവലോകനം

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും ഭവനം ലഭ്യമാക്കുക, മുൻകാലങ്ങളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക തുടങ്ങിയവ ലൈഫ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 05/21-22/24-02-2023 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

1 ) ഗുണഭോക്താക്കളുടെ വിശദാംശം

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2021-22 | 7 | 12 | 6 | 7 | 1 | - |

2 ) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2021-22 | 1635000/- | - | 120000/- | 2200000/- | 740000/- | 4695000/- |

3 ) ഭവനം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ

2021-22 വർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ജനറൽ/എസ്.സി. | ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| സുനിൽകുമാർ പി.ആർ., പോത്തലക്കാട് | 375000/- | എസ്.സി. | വീട് പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ |
| ജയലക്ഷ്മി, പുത്തേത്ത് | 40000/- | എസ്.സി. | നിലവിൽ പണി ആരംഭിച്ചിട്ടുണ്ട് |
| സുരേഷ്കുമാർ പി.കെ., പാറപ്പുറത്ത് വടക്കതിൽ | 375000/- | എസ്.സി. | വീട് പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ |
| ബാലൻ, വേങ്ങലിൽ , പള്ളത്ത് | 360000/- | ജനറൽ | വീട് പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ |
| തുളസി, മലയിൽ വീട് | 360000/- | ജനറൽ | വീട് പൂർത്തീകരണത്തിന്റെ അവസാന |

| | | | ഘട്ടത്തിൽ |
|---|---|---|---|

ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് .

### 1-33 അങ്കണവാടി -അവലോകനം

പുലിയൂർ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിശദാംശം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/2021 ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പുലിയൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 16 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 04 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 10 എണ്ണം വാടക കെട്ടിടത്തിലും 02എണ്ണം വാടകയില്ലാതെയും പ്രവർത്തിക്കുന്നു. 16 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. ഒരു അങ്കണവാടിയിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഇല്ല. 13 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 16 അങ്കണവാടികളിലും വൈദ്യുതി സൗകര്യം ഉണ്ട്. 16 അങ്കണവാടികളിലും കുടിവെള്ളം ലഭ്യമാണ്. എല്ലാ അങ്കണവാടികളിലും അടുക്കളയ്ക്ക് പ്രത്യേകം മുറിയുണ്ട്. ഒരങ്കണവാടിയിൽ മാത്രമാണ് ഗ്യാസ് കണക്ഷൻ ഉള്ളത്. ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ഫാൻ, ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ്. 03 അങ്കണവാടികളിൽ ടെലിവിഷൻ ലഭ്യമാണ്. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഭക്ഷ്യസംഭരണികൾ ലഭ്യമാണ്. മാതൃകാ അങ്കണവാടികൾ നിലവിലില്ല. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-34 തൊഴിലുറപ്പ് പദ്ധതി-ഒരു അവലോകനം

2021-22 സാമ്പത്തിക വർഷത്തെ ആക്ഷൻപ്ലാൻ പ്രകാരം 498 പദ്ധതികൾക്ക് അനുമതി ലഭിച്ചെങ്കിലും സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പടെ 252 പദ്ധതികളാണ് പഞ്ചായത്ത് നടപ്പാക്കിയത്. ഇതിൽ സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പടെ ആകെ 131 പ്രവൃത്തികൾ പൂർത്തീകരിച്ചു. പുതുതായി രജിസ്റ്റർ ചെയ്തവരുൾപ്പടെ ആകെയുള്ള 4125 തൊഴിലാളികളിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം 287 ആണ്. ചെലവിന്റെ വിശദാംശങ്ങൾ പരിശോധിച്ചാൽ ആകെ 457.41ലക്ഷം രൂപ ഈ മേഖലയിൽ ചെലവഴിച്ചതായും ഇതിൽ 387.25ലക്ഷം രൂപ വേതനമിനത്തിലും സെമി സ്കിൽഡ്/സ്കിൽഡ് വേജസ്സ് 15.20 ലക്ഷം രൂപയും സാധന സാമഗ്രികളുടെ വിലയിനത്തിൽ 38.10ലക്ഷം രൂപയും അഡ്മിൻ ചെലവുകൾ 16.14 ലക്ഷം രൂപയുമാണെന്ന് കാണുന്നു. (ഓഡിറ്റ് എൻക്വയറി നം. 23 തീയതി 04-02-2023)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വ്യക്തിഗത കക്കൂസ് - സബ്‌സിഡിയിൽ അധികരിച്ച് ആനുകൂല്യം നൽകിയിരിക്കുന്നു

പ്രോജക്ട് നം - 178/22

പ്രോജക്ടിന്റെ പേര് - ഒ.ഡി.എഫ്. ക്യാമ്പയിൻ - വ്യക്തിഗത കക്കൂസ്

നിർവഹണം - വി.ഇ.ഒ.

വ്യക്തിഗത കക്കൂസ് നിർമ്മാണം എന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 18 ഗുണഭോക്താക്കൾക്ക് 12000 രൂപ ക്രമത്തിൽ കക്കൂസ് നിർമ്മാണം/മെയിന്റനൻസ് എന്നിവക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. സ.ഉ.(സാധാ) നം.1951/2019/ ത.സ്വ.ഭ.വ. തീയതി. 06-09-2019 പ്രകാരം വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന്റെ യൂണിറ്റ് കോസ്റ്റ് 15400/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട് . ഇതിൽ 12000/- രൂപ ശുചിത്വമിഷൻ ഫണ്ടും 3400/- രൂപ തദ്ദേശസ്ഥാപന വിഹിതമായും ഉൾപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട് . സർക്കുലർ നം.334/ഡി.സി1/18/ത.സ്വ.ഭ.വ തീയതി 21-07-2018പ്രകാരം നിലവിലുള്ള ഗാർഹികശൗചാലയങ്ങളുടെ മെയിന്റനൻസിന് 9240/- രൂപ യൂണിറ്റ് കോസ്റ്റായി

നിശ്ചയിച്ചിട്ടുണ്ട് ( 5000/-രൂപ ശുചിത്വമിഷൻ ഫണ്ടും 4240/- രൂപ തദ്ദേശസ്വയംഭരണ വിഹിതവും). ടി പ്രോജക്ട് പ്രകാരം ശുചിത്വമിഷൻ ഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് തദ്ദേശസ്ഥാപന വിഹിതം ചെലവഴിച്ചിട്ടില്ല. മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ പല ഗുണഭോക്താക്കളും കക്കൂസ് മെയിന്റനൻസ് നടത്തിയതിന്റെ എസ്റ്റിമേറ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ പുതിയ ശൗചാലയം നിർമ്മിക്കാൻ അനുവദിക്കുന്ന നിരക്കിൽ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ഐറ്റം തിരിച്ച് വാല്യുവേഷൻ രേഖപ്പെടുത്തിയിട്ടില്ല. ആകെ ചെലവ് തുക മാത്രമാണ് വാല്യുവേഷനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള കക്കൂസ് മെയിന്റനൻസ് നടത്തിയിട്ട് പുതിയ ശൗചാലയം നിർമ്മിക്കാൻ അനുവദിക്കുന്ന നിരക്കിൽ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാല്യുവേഷനിൽ രേഖപ്പെടുത്തിയ തുക | അനുവദിച്ച ശുചിത്വമിഷൻ വിഹിതം | ശുചിത്വമിഷൻ വിഹിതവും തദ്ദേശസ്ഥാപന വിഹിതവുമുൾപ്പെടെ ആകെ അനുവദിക്കാവുന്ന തുക | അധികം ചെലവഴിച്ചത് |
|---|---|---|---|---|---|
| 1 | അമ്മിണി ബാബു, ലിജി ഭവൻ | 20406/- | 12000/- | 9240/- | 2760/- |
| 2 | അശോകൻ.കെ.എ, കുറ്റിയിൽ | 18788/- | 12000/- | 9240/- | 2760/- |
| 3 | ജയശ്രീ, വടക്കേ പറമ്പിൽ | 18770/- | 12000/- | 9240/- | 2760/- |
| 4 | മറിയാമ്മ, വാരിക്കോലിൽ | 12650/- | 12000/- | 9240/- | 2760/- |
| 5 | വൽസല രാമചന്ദ്രൻ, ഇളപ്പിൻ പാട്ട് | 14995/- | 12000/- | 9240/- | 2760/- |
| 6 | മോഹനൻ, പുതുശ്ശേരിൽ | 12517/- | 12000/- | 9240/- | 2760/- |
| 7 | വിജു.പി എസ്, വിജു ഭവൻ | 14805/- | 12000/- | 9240/- | 2760/- |
| 8 | രത്നമ്മ, താഴേ ചെറുകര | 9253/- | 12000/- | 9240/- | 2760/- |
| 9 | സുജ അനിൽ കുമാർ, പുതുവൽ | 7593/- | 12000/- | 7593/- | 4407/- |
| 10 | കുറ്റിമലയിൽ രാജൻ, വട്ടുപറമ്പിൽ | 14720/- | 12000/- | 9240/- | 2760/- |

ആകെ 29247/- രൂപ

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം . 08/2021-22 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ പുതിയ ടോയിലെറ്റാണ് നിർമ്മിച്ചതെന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ മെയിന്റനൻസിനുള്ള വാല്യുവേഷനാണ് ലഭിച്ചിട്ടുള്ളതെന്നും വാല്യുവേഷൻ തുക 12000/- രൂപയിൽ കൂടുതലായതിനാലാണ് 12000/- രൂപ വീതം ആനുകൂല്യം നൽകിയതെന്നും ക്രമ നം 8, 9 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നതിന് മുമ്പായി ഹാജരാക്കിയ വാല്യുവേഷനാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. വി.ഇ.ഒ.യുടെ നിരുത്തരവാദപരമായ മറുപടി അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 29247/- രൂപ ഗുണഭോക്താക്കളിൽ നിന്നോ, നിർവഹണോദ്യോഗസ്ഥയായ വി.ഇ.ഒ യിൽ നിന്നോ ഈടാക്കി ശുചിത്വമിഷൻ ഫണ്ടിൽ അടക്കേണ്ടതാണ്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തുക | ചെക്ക് നം/തീയതി |
|---|---|
| 36000/- | 048289/27-10-2021 |
| 12000/- | 048292/01-01-2022 |
| 12000/- | 048295/19-01-2022 |
| 24000/- | 048298/15-03-2022 |

| | |
|---|---|
| 12000/- | 048296/24-02-2022 |
| 24000/- | 048297/26-02-2022 |
| 24000/- | 637283/22-03-2022 |
| 72000/- | 637286/30-03-2022 |

## 3-2 യൂണിറ്റ് കോസ്റ്റിനേക്കാൾ അധികരിച്ച നിരക്കിൽ ഇഞ്ചി വാങ്ങി വിതരണം ചെയ്തിരിക്കുന്നു - 1430/- രൂപ അധികച്ചെലവ്

പ്രോജക്റ്റ് നം - 98/22

പ്രോജക്റ്റിന്റെ പേര് - ഇടവിളകിറ്റ് വിതരണം
നിർവഹണം – കൃഷി ഓഫീസർ

ചെലവ് 1 ) 60000/- (ട്രഷറി ബിൽ നം . 21070252011000534762/11-10-2021)

2 ) 83000/- (ട്രഷറി ബിൽ നം .21070252011001251917/04-03-2022)

മേൽ പ്രോജക്റ്റ് പ്രകാരം ഹരിതശ്രീ ഇക്കോഷോപ്പിൽ നിന്ന് ചേന, ചേമ്പ്, മഞ്ഞൾ, ഇഞ്ചി എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം | വാങ്ങിയ സാധനം | അളവ് | നിരക്ക് |
|---|---|---|---|
| 079/04-10-2021 | ചേന | 480kg | 45/kg |
| | ചേമ്പ് | 360kg | 65/kg |
| | മഞ്ഞൾ | 120kg | 40/kg |
| | ഇഞ്ചി | 120kg | 85/kg |
| 84/25-02-2022 | ചേന | 664kg | 45/kg |
| | ചേമ്പ് | 498kg | 65/kg |
| | മഞ്ഞൾ | 166kg | 40/kg |
| | ഇഞ്ചി | 166kg | 85/kg |

ഇപ്രകാരം ആകെ 286kg ഇഞ്ചി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇഞ്ചിയുടെ യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് 80/- രൂപ ആണ്. കിലോഗ്രാമിന് 5/- രൂപ നിരക്കിൽ ആകെ 1430/- രൂപ അധികത്തിൽ ചെലവഴിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.19/2021-22 പ്രകാരം വിശദീകരണം തേടിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി വികസന ഫണ്ടിൽ തിരികെ അടക്കേണ്ടതാണ്. ടി പദ്ധതി സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ടും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | 100000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1000000 | ഭവന നിർമ്മാണം ലൈഫ് (എസ്.സി. അഡീഷണൽ) | 120000 | 880000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 981682 | കൂലി ചെലവ് സബ്സിഡി | 981682 | 0 |

എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ജോയിന്റ് വെൻച്വർ പ്രോജക്കുകളുടെ ചെലവ് വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവത്തികൾക്കായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം/ചെക്ക്.നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻഎക്സ്റ്റൻഷൻ | 343/23.3.22 | 102165 | 149365 | 0 |
| | | 399/28.3.22 | 47200 | | |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 178/28.12.21 | 30499 | 47359 | 0 |
| | | 242/17.2.22 | 16860 | | |
| പി.ഡബ്ല്യു.ഡി | അംഗൻ വാടി കെട്ടിടത്തിന് വൈദ്യുതീകരണം (10-ാം വാർഡ്) | 256191/25.3.22 | 81153 | 81153 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമാക്കിയില്ല | 2460000 | 8964000 | 1452000 | | 9972000 |

ബി- 5 – ൽ 97,96,000/-രൂപ. 176000/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വാർഷികകണക്കിലെ അപാകതകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ ഉൾപ്പെട്ടിട്ടുള്ളതും തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ പരാമർശങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 4-12 | 2011-12 | 4-12 | വനിത തൊഴിൽ പരിശീലന പദ്ധതി-ലക്ഷ്യം കൈവരിച്ചില്ല | 29-08-2019 ലെ അദാലത്തിൽ പരാമർശം ഒഴിവാക്കുന്നതിനുള്ള അധിക വിവരങ്ങൾ നൽകിയിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ്നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55442776 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55752081 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30677 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2261872 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 29247/- | ശ്രീമതി.വിദ്യ.വി വി.ഇ.ഒ |
| 3-2 | | 1430 | ശ്രീമതി.മഞ്ജുഷ അഗ്രിക്കൾച്ചറൽ ഓഫിസർ |
| ആകെ | | 30677/ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 34900 | ശ്രീ.ജോൺ ജേക്കബ് ഹെഡ്മാസ്റ്റർ ഗവ.യുപി.എസ്സ് പേരിശ്ശേരി. |
| 1-16 | 30000 | ശ്രീ.ജോൺ ജേക്കബ് ഹെഡ്മാസ്റ്റർ |

| | | |
|---|---|---|
| | | ഗവ.യുപി.എസ്സ്<br>പേരിശ്ശേരി |
| 1-18 | 153000 | ശ്രീ.ജോൺ ജേക്കബ്<br>ഹെഡ്മാസ്റ്റർ<br>ഗവ.യുപി.എസ്സ്<br>പേരിശ്ശേരി |
| 1-22(എ) | 81153 | ശ്രീമതി ആർ.ശ്രീല<br>സെക്രട്ടറി |
| 1-22(ബി) | 149365 | ശ്രീമതി ആർ.ശ്രീല<br>സെക്രട്ടറി |
| 1-23 | 47359 | ശ്രീമതി ആർ.ശ്രീല<br>സെക്രട്ടറി |
| 1-25 | 200000 | ശ്രീമതി ആർ.ശ്രീല<br>സെക്രട്ടറി |
| 1-26 | 370000 | ശ്രീ.ജോൺ ജേക്കബ്<br>ഹെഡ്മാസ്റ്റർ<br>ഗവ.യുപി.എസ്സ്<br>പേരിശ്ശേരി |
| 1-28 | 3610 | ശ്രീ.ജോൺ ജേക്കബ്<br>ഹെഡ്മാസ്റ്റർ<br>ഗവ.യുപി.എസ്സ്<br>പേരിശ്ശേരി |
| 1-29 | 1000000 | ശ്രീമതി.മഞ്ജൂഷ<br>അഗ്രിക്കൾച്ചറൽ ഓഫിസർ |
| 1-30 | 150000<br>33333 | ശ്രീമതി.മഞ്ജൂഷ<br>അഗ്രിക്കൾച്ചറൽ ഓഫിസർ<br>ബിപിൻ .എം ,<br>അഗ്രിക്കൾച്ചറൽ ഓഫിസർ |
| 1-31 | 9152 | ഡോ.ഗണേഷ്.<br>മെഡിക്കൽ ഓഫിസർ<br>പി.എച്ച്.സി |
| ആകെ | 2261872 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആർ.ശ്രീല, സെക്രട്ടറി | സെക്രട്ടറി,<br>പുലിയൂർ ഗ്രാമപഞ്ചായത്ത് | തോണ്ടലിൽ,<br>കൊല്ലകടവ്.പി.ഒ., ചെങ്ങന്നൂർ |
| ശ്രീമതി.മഞ്ജൂഷ | കൃഷി ഓഫിസർ | ഐശ്വര്യ |

| | | |
|---|---|---|
| അഗ്രിക്കൾച്ചറൽ ഓഫിസർ | ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പത്തനംതിട്ട ജില്ല | പേരിശ്ശേരി ചെങ്ങന്നൂർ |
| ബിപിൻ .എം , അഗ്രിക്കൾച്ചറൽ ഓഫിസർ | കൃഷി ഓഫിസർ പുലിയൂർ ഗ്രാമപഞ്ചായത്ത് | സൌപർണിക , ശാന്തിനഗർ , പടാസൌത്ത് പി.ഒ. , കരുനാഗപ്പള്ളി |
| ശ്രീമതി.വിദ്യ.വി വി.ഇ.ഒ | വി.ഇ.ഒ ചെറിയനാട് ഗ്രാമ പഞ്ചായത്ത് | തേവലക്കര വയ്യത്ത് വീട്, പോരുവഴി നടുവിൽ, ചാത്തക്കുളം |
| ശ്രീ.ജോൺ ജേക്കബ് ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ഗവ.യു.പി.എസ്സ് പേരിശ്ശേരി. | ജോൺ ജേക്കബ് ജോണി വില്ല ചെറിയനാട്.പി.ഒ ചെങ്ങന്നൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ 8/1159/00/30.11.2000/08.02.2001 |
| 1997-98 | എൽ.എഫ്.ജി.എ5/1832/11 തീയതി 25.01.2012 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ 5/1832/11 തീയതി 30.01.2012 |
| 2003-04 | എൽ.എഫ്.ജി.എ 5/1832/11 തീയതി 30.01.2012 |
| 2004-05 | എൽ.എഫ്.ജി.എ 5/1577/13(B) തീയതി 21.05.2014 |
| 2005-06 | എൽ.എഫ്.ജി.എ 5/1577/13 തീയതി 20.05.2014 |
| 2006-07,2008-09 | എൽ.എഫ്.ജി.എ 5/1577/13 തീയതി 21.05.2014 |
| 2007-08 | എൽ.എഫ്.ജി.എ 5/1577/13 തീയതി 20.05.2014 |
| 2009-10 | എൽ.എഫ്.ജി.എ 5/1577/13 തീയതി 21.05.2014 |
| 2010-11, 2011-12 | എൽ.എഫ്.ജി.പി 5/195/14 തീയതി 22.05.14/04.07.2014 |
| 2012-13 | എൽ.എഫ്.ജി.പി 5/201/15 തീയതി 04.08.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി5/199/2016 തീയതി 22.03.2016 |

| | |
|---|---|
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി12/821/2016 തീയതി 26.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി12/1265/2016 തീയതി 16.11.2016 |
| 2016-17 | കെഎസ്.എ-എ.എൽ.പി-പി12/1065/2017 തീയതി 19.08.2017 |
| 2017-18 | കെഎസ്.എ-എ.എൽ.പി-പി12/1495/2018 തീയതി 04.12.2018 |
| 2018-19 | കെഎസ്.എ-എ.എൽ.പി-പി12/185/2020 തീയതി 22-05-2020. |
| 2019-20 &2020-21 | കെഎസ്.എ-എ.എൽ.പി-പി12/734/2021 തീയതി 24-09-2021. |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്